**മധുരമായ കുട്ടികളേ - ഓരോരുത്തരുടേയും നാഡി പരിശോധിച്ച് ആദ്യം അവരിൽ അല്ലാഹുവിനുമേൽ നിശ്ചയം ഉണ്ടാക്കൂ പിന്നീട് മുന്നോട്ട് കൊണ്ടുപോകൂ, അല്ലാഹുവിൽ നിശ്ചയം ഇല്ലെങ്കിൽ പിന്നെ ജ്ഞാനം നൽകുന്നത് സമയം വ്യർത്ഥമാക്കലാണ്.**

**ചോദ്യം:-** ഏതൊരു മുഖ്യമായ പുരുഷാർത്ഥമാണ് സ്കോളർഷിപ്പ് നേടുന്നതിന് അധികാരിയാക്കി മാറ്റുന്നത്?

**ഉത്തരം:-** അന്തർമുഖതയുടെ. നിങ്ങൾക്ക് വളരെ അന്തർമുഖിയായി ഇരിക്കണം. ബാബ മംഗളകാരിയാണ്. ഉപദേശം നൽകുന്നത് മംഗളത്തിനായാണ്. ആരാണോ അന്തർമുഖിയായ യോഗീ കുട്ടികൾ അവർ ഒരിയ്ക്കലും ദേഹാഭിമാനത്തിൽ വന്ന് പിണങ്ങുകയോ വഴക്കിടുകയോ ചെയ്യില്ല. അവരുടെ പെരുമാറ്റം വളരെ രാജകീയവും സുന്ദരവുമായിരിക്കും. വളരെ കുറച്ചേ സംസാരിക്കൂ, യജ്ഞ സേവനത്തിൽ താല്പര്യമുണ്ടാകും. അവർ ജ്ഞാനം അധികം പറയില്ല, ഓർമ്മയിൽ ഇരുന്ന് സേവനം ചെയ്യും.

**ഓം ശാന്തി**. എപ്പോഴും കാണാറുണ്ട് പ്രദർശിനിയിൽ സേവനം ചെയ്തതിന്റെ വാർത്ത വരുമ്പോൾ പ്രധാനപ്പെട്ട കാര്യമായ ബാബയുടെ പരിചയം, അതിൽ പരിപൂർണ്ണ നിശ്ചയം ഉണ്ടാക്കാത്തതിനാൽ ബാക്കി എന്തെല്ലാം മനസ്സിലാക്കിക്കൊടുക്കുന്നുവോ അത് ബുദ്ധിയിൽ ഇരിക്കുന്നത് വളരെ ബുദ്ധിമുട്ടാകുന്നു. തീർച്ചയായും നല്ലത് നല്ലത് എന്ന് പറയുന്നുണ്ട് എന്നാൽ ബാബയുടെ പരിചയമില്ല. ആദ്യം ബാബയെ തിരിച്ചറിയണം. ബാബയുടെ മഹാവാക്യമാണ് എന്നെ ഓർമ്മിക്കൂ, ഞാൻ തന്നെയാണ് പതിതപാവനൻ. എന്നെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾ പതിതത്തിൽ നിന്നും പാവനമായി മാറുന്നു. ഇതാണ് മുഖ്യമായ കാര്യം. ഭഗവാൻ ഒന്നേയുള്ളൂ, ആ ഭഗവാനാണ് പതിത പാവനൻ. ജ്ഞാനസാഗരൻ, സുഖസാഗരൻ. ബാബ തന്നെയാണ് ഉയർന്നതിലും ഉയർന്നത്. ഈ നിശ്ചയം ഉണ്ടായാൽ പിന്നെ ഭക്തിമാർഗ്ഗത്തിലെ എന്തെല്ലാം ശാസ്ത്രങ്ങൾ വേദങ്ങൾ ഗീത, ഭാഗവതം മുതലായവയുണ്ടോ അതെല്ലാം തെറ്റാണെന്ന് തെളിയും. ഭഗവാൻ സ്വയം പറയുന്നു, ഇത് ഞാൻ പറഞ്ഞതല്ല. എന്റെ ജ്ഞാനം ശാസ്ത്രങ്ങളിലില്ല. അത് ഭക്തിമാർഗ്ഗത്തിലെ ജ്ഞാനമാണ്. ഞാനാണെങ്കിൽ ജ്ഞാനം നൽകി സദ്ഗതി ചെയ്യാനായി വന്നതാണ്. പിന്നീട് ഈ ജ്ഞാനം പ്രായലോപമാകും. ജ്ഞാനത്തിന്റെ പ്രാലബ്ധം പൂർത്തിയായതിനുശേഷം വീണ്ടും ഭക്തിമാർഗ്ഗം ആരംഭിക്കും. എപ്പോൾ ബാബയിൽ നിശ്ചയം ഉണ്ടാകുന്നുവോ അപ്പോൾ മനസ്സിലാക്കും, ഭഗവാനുവാചാ- ഇത് ഭക്തിമാർഗ്ഗത്തിലെ ശാസ്ത്രങ്ങളാണ്. ജ്ഞാനവും ഭക്തിയും പകുതി പകുതിയാണ്. ഭഗവാൻ എപ്പോഴാണോ വരുന്നത് അപ്പോൾ തന്റെ പരിചയം നൽകുന്നു - ഞാൻ പറയുന്നു 5000 വർഷമാണ് ഒരു കല്പം, ഞാൻ ബ്രഹ്മാ മുഖത്തിലൂടെയാണ് മനസ്സിലാക്കിത്തരുന്നത്. അതിനാൽ ആദ്യം ബുദ്ധിയിൽ ഇരുത്തേണ്ട കാര്യം ഭഗവാൻ ആരാണ്? എന്നതാണ്. ഈ കാര്യം ഏതുവരെ ബുദ്ധിയിൽ ഇരിക്കുന്നില്ലയോ അതുവരെ മറ്റെന്ത് മനസ്സിലാക്കിക്കൊടുത്തിട്ടും ഒരു ഫലവും ഉണ്ടാകില്ല. മുഴുവൻ പരിശ്രമവും ഇതിലാണ്. ബാബ വരുന്നതുതന്നെ ചിതയിൽ നിന്നും ഉണർത്താനാണ്. ശാസ്ത്രങ്ങൾ പഠിക്കുന്നതിലൂടെ ഉണരില്ല. പരമാത്മാവ് ജ്യോതിസ്വരൂപമാണ് അതിനാൽ കുട്ടികളും ജ്യോതിസ്വരൂപമാണ്. എന്നാൽ നിങ്ങൾ കുട്ടികളുടെ ആത്മാവ് പതിതമായിരിക്കുകയാണ്, അതിനാൽ ജ്യോതി അണഞ്ഞിരിക്കുന്നു. തമോപ്രധാനമായിരിക്കുന്നു. ആദ്യമാദ്യം ബാബയുടെ പരിചയം നൽകാത്തതിനാൽ, അഭിപ്രായം എഴുതിക്കുക മുതലായ എന്തെല്ലാം കാര്യങ്ങൾ ചെയ്യുന്നുവോ അതൊന്നും ഫലം ചെയ്യുന്നില്ല അതിനാൽ സേവനം നടക്കുന്നില്ല. നിശ്ചയമുണ്ടെങ്കിൽ ബ്രഹ്മാവിലൂടെ ജ്ഞാനം നൽകുകയാണ് എന്നത് മനസ്സിലാക്കും. ആളുകൾ ബ്രഹ്മാവിനെക്കണ്ട് എത്ര സംശയിക്കുന്നു കാരണം ബാബയെ തിരിച്ചറിഞ്ഞിട്ടില്ല. നിങ്ങൾ എല്ലാവർക്കും അറിയും ഇപ്പോൾ ഭക്തിമാർഗ്ഗം കഴിഞ്ഞുപോയിരിക്കുന്നു. കലിയുഗത്തിലാണ് ഭക്തിമാർഗ്ഗം ഇപ്പോൾ സംഗമയുഗത്തിൽ ജ്ഞാനമാർഗ്ഗമാണ്. നമ്മൾ സംഗമയുഗികളാണ്. രാജയോഗം പഠിച്ചുകൊണ്ടിരിക്കുകയാണ്. പുതിയ ലോകത്തിനായി ദൈവീക ഗുണങ്ങൾ ധാരണ ചെയ്യുകയാണ്. ആരാണോ സംഗമയുഗത്തിലല്ലാത്തത് അവർ ദിനംപ്രതിദിനം തമോപ്രധാനമായി മാറും. ആ ഭാഗത്ത് തമോപ്രധാനത വർദ്ധിച്ചുകൊണ്ടിരിക്കുന്നു, ഈ ഭാഗത്ത് നിങ്ങളുടെ സംഗമയുഗം പൂർണ്ണമായിക്കൊണ്ടിരിക്കുന്നു. ഇത് മനസ്സിലാക്കേണ്ട കാര്യമല്ലേ. മനസ്സിലാക്കിക്കൊടുക്കുന്നവരും നമ്പർവൈസാണ്. ബാബ ദിവസവും പുരുഷാർത്ഥം ചെയ്യിക്കുന്നു. നിശ്ചയബുദ്ധിയാണ് വിജയി. കുട്ടികളിൽ അളവില്ലാതെ സംസാരിക്കുന്ന ശീലം കൂടുതലാണ്. ബാബയെ ഓർമ്മിക്കുന്നില്ല. ഓർമ്മിക്കുന്നത് വളരെ കഠിനമാണ്. ബാബയെ ഓർമ്മിക്കുന്നതിനെ വിട്ട് തന്റെ തന്നെ കാര്യങ്ങൾ കേൾപ്പിച്ചുകൊണ്ടിരിക്കും. ബാബയിൽ നിശ്ചയം ഉണ്ടാകാതെ മറ്റു ചിത്രങ്ങളിലേയ്ക്ക് പോകാൻ പാടില്ല. നിശ്ചയമില്ലെങ്കിൽ ഒന്നും മനസ്സിലാക്കില്ല. അല്ലാഹുവിൽ നിശ്ചയമില്ലെങ്കിൽ പിന്നെ സമ്പത്തിനുനേർക്ക് പോകുന്നത് സമയം പാഴാക്കലാണ്. ആരുടേയും നാഡി അറിയുന്നില്ല, ഉദ്ഘാ

ടനം ചെയ്യുന്നവർക്കും ആദ്യം ബാബയുടെ പരിചയം നൽകണം. ഇതാണ് ഉയർന്നതിലും ഉയർന്ന ജ്ഞാന സാഗരനായ പിതാവ്. ബാബ ഈ ജ്ഞാനം ഇപ്പോഴാണ് നൽകുന്നത്. സത്യയുഗത്തിൽ ഈ ജ്ഞാനത്തിന്റെ ആവശ്യം ഉണ്ടാകില്ല. പിന്നീടാണ് ഭക്തി ആരംഭിക്കുന്നത്. എപ്പോഴാണോ ദുർഗ്ഗതിയുണ്ടാകുന്നത് അതായത് എന്റെ നിന്ദ പൂർണ്ണമാകുന്നത് അപ്പോഴാണ് ഞാൻ വരുന്നത്. അരകല്പം അവർക്ക് നിന്ദ ചെയ്യണം, ആരുടെ പൂജയാണോ ചെയ്യുന്നത് അവരുടെ കർത്തവ്യത്തെ അറിയുന്നില്ല. നിങ്ങൾ കുട്ടികൾ ഇരുന്ന് മനസ്സിലാക്കിക്കൊടുക്കുന്നു എന്നാൽ നിങ്ങൾക്ക് സ്വയം ബാബയുമായി യോഗമില്ലെങ്കിൽ പിന്നെ നിങ്ങൾ മറ്റുള്ളവർക്ക് എന്ത് മനസ്സിലാക്കിക്കൊടുക്കും. തീർച്ചയായും ശിവബാബാ എന്ന് പറയുന്നുണ്ട് എന്നാൽ യോഗത്തിൽ ഒട്ടും തന്നെ ഇരിക്കുന്നില്ലെങ്കിൽ വികർമ്മം വിനാശമാകില്ല, ധാരണയുണ്ടാകില്ല. മുഖ്യമായ കാര്യം ഒരു ബാബയെ ഓർമ്മിക്കുക എന്നതാണ്. ജ്ഞാനിയായ ആത്മാവാകുന്നതിനോടൊപ്പം യോഗിയുമായി മാറാത്തത് ഏത് കുട്ടികളാണോ അവരിൽ ദേഹാഭിമാനത്തിന്റെ അംശം തീർച്ചയായും ഉണ്ടാകും. യോഗമില്ലാതെ മനസ്സിലാക്കിക്കൊടുത്തതുകൊണ്ട് ഒരു കാര്യവുമില്ല. പിന്നീട് ദേഹാഭിമാനത്തിൽ വന്ന് ആരെയെങ്കിലും ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കും. ഞാൻ നന്നായി പ്രഭാഷണം ചെയ്യുന്നുണ്ട് എന്ന് കണ്ടാൽ കുട്ടികൾ കരുതും ഞാൻ ജ്ഞാനിയായ ആത്മാവാണെന്ന്. ബാബ പറയുന്നു ജ്ഞാനിയായ ആത്മാവുതന്നെയാണ് എന്നാൽ യോഗം കുറവാണ്, യോഗത്തിന്റെ കാര്യത്തിൽ പുരുഷാർത്ഥം കുറവാണ്. ബാബ എത്ര മനസ്സിലാക്കിത്തരുന്നു – ചാർട്ട് വെയ്ക്കൂ. മുഖ്യമായത് യോഗത്തിന്റെ കാര്യമാണ്. കുട്ടികളിൽ ജ്ഞാനം മനസ്സിലാക്കിക്കൊടുക്കുന്നതിനുള്ള ലഹരിയുണ്ട് എന്നാൽ യോഗമില്ല. യോഗമില്ലാത്തതിനാൽ വികർമ്മം വിനാശമാകില്ല പിന്നീട് എന്ത് പദവി നേടും! യോഗത്തിൽ ഒരുപാട് കുട്ടികൾ തോറ്റിരിക്കുന്നു. ഞാൻ 100 ശതമാനമാണ് എന്ന് കരുതുന്നു. എന്നാൽ ബാബ പറയുന്നു 2 ശതമാനമാണ്. ബാബ സ്വയം പറയുന്നു ഭോജനം കഴിക്കുന്ന സമയത്ത് ബാബയുടെ ഓർമ്മയിൽ ഇരിക്കുന്നു, പിന്നീട് മറന്നുപോകുന്നു. സ്നാനം ചെയ്യുമ്പോഴും ബാബയെ ഓർമ്മിക്കുന്നു. ബാബയുടെ കുട്ടിയാണ് എന്നിട്ടും മറന്നുപോകുന്നു. ഇദ്ദേഹം നമ്പർ വൺ ആണ്, അപ്പോൾ തീർച്ചയായും ഇദ്ദേഹത്തിന്റെ ജ്ഞാനവും യോഗവും ശരിയായിരിക്കും. എന്നിട്ടും ബാബ പറയുന്നു യോഗത്തിൽ വളരെ അധികം പരിശ്രമമുണ്ട്. ട്രയൽ ചെയ്തുനോക്കൂ എന്നിട്ട് അനുഭവം കേൾപ്പിക്കൂ. തയ്യൽക്കാരൻ തുണി തയ്ക്കുകയാണെങ്കിലും ബാബയുടെ ഓർമ്മയുണ്ടോ എന്ന് നോക്കണം. വളരെ മധുരമായ പ്രിയതമനാണ്. എത്രത്തോളം ഓർമ്മിക്കുന്നുവോ അത്രയും നമ്മുടെ വികർമ്മം വിനാശമാകും, നമ്മൾ സതോപ്രധാനമായിത്തീരും. ഞാൻ എത്ര സമയം ഓർമ്മയിൽ ഇരിക്കുന്നുണ്ട് എന്ന് സ്വയം നോക്കണം. ബാബയോട് റിസൾട്ട് എന്താണെന്ന് പറയണം. ഓർമ്മയിൽ ഇരിക്കുന്നതിലൂടെ മാത്രമേ മംഗളമുണ്ടാകൂ. അല്ലാതെ അധികം മനസ്സിലാക്കിക്കൊടുത്തതുകൊണ്ട് മംഗളം ഉണ്ടാകില്ല. ഒന്നും മനസ്സിലാക്കുന്നില്ല. അല്ലാഹുവില്ലാതെ എങ്ങനെ കാര്യം നടക്കും? ഒരു അല്ലാഹുവിനെ അറിയില്ല ബാക്കിയെല്ലാം ബിന്ദുതന്നെ ബിന്ദുവാണ്. അല്ലാഹുവിനൊപ്പം ബിന്ദുവായിരിക്കുന്നതിലൂടെ ലാഭം ഉണ്ടാകുന്നു. യോഗമില്ലെങ്കിൽ ദിവസം മുഴുവനും വ്യർത്ഥമാക്കുന്നു. ഇവർ എന്ത് പദവി നേടും എന്നതിൽ ബാബയ്ക്ക് അലിവ് തോന്നുന്നു. ഭാഗ്യത്തിൽ ഇല്ലെങ്കിൽ ബാബ എന്തുചെയ്യും. ബാബ ഓരോ നിമിഷവും മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു – ദൈവീക ഗുണങ്ങൾ നിറയ്ക്കൂ, ബാബയുടെ ഓർമ്മയിൽ ഇരിക്കൂ. ഓർമ്മ വളരെ അത്യാവശ്യമാണ്. ഓർമ്മയിലൂടെ സ്നേഹമുണ്ടാകും അപ്പോഴേ ശ്രീമതം അനുസരിച്ച് നടക്കൂ. പ്രജകൾ അനേകം ഉണ്ടാകും. നിങ്ങൾ ഇവിടേയ്ക്ക് വന്നിരിക്കുന്നത് ഈ ലക്ഷ്മീ നാരായണനായി മാറാനാണ്, ഇതിൽ പരിശ്രമമുണ്ട്. തീർച്ചയായും സ്വർഗ്ഗത്തിലേയ്ക്ക് പോകും എന്നാൽ ശിക്ഷകൾ അനുഭവിച്ച് പിന്നീട് അവസാനം പോയി കുറഞ്ഞ പദവി നേടും. ബാബയ്ക്ക് എല്ലാ കുട്ടികളേയും അറിയാമല്ലോ. ഏത് കുട്ടികളാണോ യോഗത്തിൽ പാകമാകാത്തത് അവർ ദേഹാഭിമാനത്തിൽ വന്ന് പിണങ്ങുകയും വഴക്കിടുകയും അടികൂടുകയും ചെയ്യും. ആരാണോ ഉറച്ച യോഗികൾ അവരുടെ പെരുമാറ്റം വളരെ രാജകീയവും സുന്ദരവുമായിരിക്കും, വളരെ കുറച്ചേ സംസാരിക്കൂ. യജ്ഞ സേവനത്തിൽ അസ്ഥികൾ തന്നെ ഇല്ലാതായാലും ശരി യജ്ഞ സേവനത്തിൽ താല്പര്യം ഉണ്ടാകും. ഇങ്ങനെയും ചിലരുണ്ട്. എന്നാൽ ബാബ പറയുന്നു ഓർമ്മയിൽ കൂടുതലായി ഇരിക്കൂ എങ്കിൽ ബാബയോട് സ്നേഹമുണ്ടാകും അതിനാൽ സന്തോഷമായിരിക്കും.

ബാബ പറയുന്നു ഞാൻ ഭാരതഖണ്ഡത്തിൽ തന്നെയാണ് വരുന്നത്. വന്ന് ഭാരതത്തെത്തന്നെയാണ് ഉയർന്നതാക്കി മാറ്റുന്നത്. സത്യയുഗത്തിൽ നിങ്ങൾ വിശ്വത്തിന്റെ അധികാരികളായിരുന്നു, സദ്ഗതിയിലായിരുന്നു പിന്നീട് ആരാണ് ദുർഗ്ഗതിയിലാക്കിയത്? (രാവണൻ) എപ്പോഴാണ് ആരംഭിച്ചത്? (ദ്വാപരം മുതൽ) പിന്നീട് ഒരു സെക്കന്റുകൊണ്ട് അരകല്പത്തിലേയ്ക്ക് സദ്ഗതി നേടുന്നു, 21 ജന്മങ്ങളിലേയ്ക്കുള്ള സമ്പത്ത് നേടുന്നു. അതിനാൽ എപ്പോഴാണോ നല്ല നല്ല ആളുകൾ ആദ്യമായി വരുന്നത് അപ്പോൾ അവർക്ക് ബാബയുടെ പരിചയം നൽകൂ. ബാബ പറയുന്നു കുട്ടികളേ– ജ്ഞാനത്തിലൂടെ മാത്രമേ നിങ്ങളുടെ സദ്ഗതി ഉണ്ടാകൂ. നിങ്ങൾ കുട്ടികൾക്ക് അറിയാം ഈ ഡ്രാമ സെക്കന്റ് ബൈ സെക്കന്റ് നടന്നുകൊണ്ടിരിക്കുക

യാണ്. ഇത് ബുദ്ധിയിൽ ഓർമ്മ നിന്നാൽത്തന്നെ നിങ്ങൾ നല്ലരീതിയിൽ നിൽക്കും. ഇവിടെ ഇരിക്കുമ്പോഴും ബുദ്ധിയിൽ ഉണ്ടായിരിക്കണം ഈ സൃഷ്ടി ചക്രം എങ്ങനെയാണ് ഒച്ചിനെപ്പോലെ നീങ്ങിക്കൊണ്ടിരിക്കുന്നത്. സെക്കന്റുകൾ തോറും നീങ്ങിക്കൊണ്ടിരിക്കുന്നു. ഡ്രാമ അനുസരിച്ചാണ് മുഴുവൻ പാർട്ടുകളും അഭിനയിക്കുന്നത്. ഒരു സെക്കന്റ് കഴിഞ്ഞാൽ കഴഞ്ഞു. കറങ്ങിക്കൊണ്ടേയിരിക്കും. വളരെ പതുക്കെ പതുക്കെയാണ് കറങ്ങുന്നത്. ഇതാണ് പരിധിയില്ലാത്ത ഡ്രാമ. വൃദ്ധരുടെ ബുദ്ധിയിൽ ഈ കാര്യങ്ങൾ ഇരിക്കുകയില്ല. ജ്ഞാനവും ഇരിക്കില്ല. യോഗവും ഉണ്ടാകില്ല എങ്കിലും കുട്ടികളാണല്ലോ. സേവനം ചെയ്യുന്നവരുടെ പദവി ഉയർന്നതാണ്. ബാക്കിയുള്ളവരുടേത് കുറഞ്ഞ പദവിയായിരിക്കും. തീർച്ചയായും ഇത് ചിന്തിക്കണം. ഇത് പരിധിയില്ലാത്ത ഡ്രാമയാണ്, ചക്രം കറങ്ങിക്കൊണ്ടിരിക്കും. റെക്കോർഡ് കറങ്ങിക്കൊണ്ടിരിക്കില്ലേ അതുപോലെയാണ്. നമ്മുടെ ആത്മാവിലും ഇങ്ങനെയുള്ള റെക്കോർഡ് നിറഞ്ഞിട്ടുണ്ട്. ചെറിയ ആത്മാവിൽ ഇത്രയും വലിയ പാർട്ട് അടങ്ങിയിട്ടുണ്ട്, ഇതിനെയാണ് അത്ഭുതം എന്നു പറയുന്നത്. ഒന്നും കാണാനും കഴിയില്ല. ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. ഇടുങ്ങിയ ബുദ്ധിയുള്ളവർക്ക് ഇത് മനസ്സിലാകില്ല. ഇതിൽ നമ്മൾ എന്തെല്ലാം പറയുന്നുണ്ടോ, സമയം പോയിക്കൊണ്ടേയിരിക്കുകയാണ് പിന്നീട് 5000 വർഷങ്ങൾക്കുശേഷം അത് ആവർത്തിക്കും. ഇങ്ങനെ ആരും മനസ്സിലാക്കുന്നില്ല. ആരാണോ മഹാരഥികൾ അവർ ഈ കാര്യങ്ങളിൽ ശ്രദ്ധ വെച്ച് അടിക്കടി മനസ്സിലാക്കിത്തരും അതിനാൽ ബാബ പറയുന്നു ആദ്യമാദ്യം ബാബയുടെ ഓർമ്മയാകുന്ന ഭാണ്ഡം മുറുക്കൂ. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ. ആത്മാവിന് ഇപ്പോൾ വീട്ടിലേയ്ക്ക് പോകണം. ദേഹത്തിന്റെ മുഴുവൻ സംബന്ധങ്ങളേയും ഉപേക്ഷിക്കണം. എത്ര സാധിക്കുമോ അത്രയും ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കൂ. ഈ പുരുഷാർത്ഥം ഗുപ്തമാണ്. ബാബ വഴി പറഞ്ഞുതരികയാണ്, പരിചയവും ബാബയുടേത് നൽകൂ. ഓർമ്മിക്കുന്നത് കുറവാണെങ്കിൽ പരിചയം നൽകുന്നതും കുറവായിരിക്കും. ആദ്യം ബാബയുടെ പരിചയം ബുദ്ധിയിൽ ഇരിക്കണം. പറയൂ, തീർച്ചയായും അവർ നമ്മുടെ അച്ഛനാണ് എന്നത് ഇപ്പോൾ എഴുതൂ. ദേഹസഹിതം എല്ലാം ഉപേക്ഷിച്ച് ഇപ്പോൾ ഒരേയൊരു ബാബയെ ഓർമ്മിക്കണം. ഓർമ്മയിലൂടെ മാത്രമേ നിങ്ങൾ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറൂ. മുക്തിധാമം, ജീവന്മുക്തി ധാമങ്ങളിൽ ദുഃഖമോ വേദനയോ ഉണ്ടാകില്ല. ദിനംപ്രതിദിനം നല്ലകാര്യങ്ങൾ മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുകയാണ്. പരസ്പരം ഈ കാര്യങ്ങൾ തന്നെ സംസാരിക്കൂ. യോഗ്യരായും മാറണമല്ലോ. ബ്രാഹ്മണനായിട്ട് ബാബയുടെ ആത്മീയ സേവനം ചെയ്യുന്നില്ലെങ്കിൽ പിന്നെ എന്ത് ഉപകാരമാണുള്ളത്. പഠിപ്പിനെ നല്ലരീതിയിൽ ധാരണ ചെയ്യണമല്ലോ. ഒരക്ഷരം പോലും ധാരണയാവാത്ത ഒരുപാടുപേരുണ്ട് എന്നത് ബാബയ്ക്ക് അറിയാം. യഥാർത്ഥ രീതിയിൽ ബാബയെ ഓർമ്മിക്കുന്നില്ല. രാജാറാണിയുടെ പദവി നേടുന്നതിൽ പരിശ്രമമുണ്ട്. ആരാണോ പരിശ്രമിക്കുന്നത് അവരേ ഉയർന്ന പദവി നേടൂ. പരിശ്രമിച്ചാലേ രാജപദവിയിലേയ്ക്ക് പോകാൻ സാധിക്കൂ. നമ്പർ വൺ ആയവർക്കാണ് സ്ക്കോളർഷിപ്പ് ലഭിക്കുക. ഈ ലക്ഷ്മീ-നാരായണന്മാർ സ്കോളർഷിപ്പ് നേടിയവരാണ്. പിന്നീടാണ് നമ്പർവൈസ്. വളരെ വലിയ പരീക്ഷയല്ലേ. സ്കോളർഷിപ്പ് നേടിയവരുടെ മാലയാണ് ഉണ്ടാക്കിയിരിക്കുന്നത്. 8 രത്നങ്ങളുടെ. 8 ഉണ്ട്, പിന്നീടാണ് 100, പിന്നീടാണ് 16000. എങ്കിൽ മാലയിൽ കോർക്കപ്പെടാൻ എത്ര പുരുഷാർത്ഥം ചെയ്യണം. അന്തർമുഖിയായി മാറുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുന്നതിലൂടെ സ്കോളർഷിപ്പ് നേടുന്നതിന് അധികാരിയായി മാറും. നിങ്ങൾ വളരെ അന്തർമുഖിയായി ഇരിക്കണം. ബാബ മംഗളകാരിയാണ്. അതുകൊണ്ട് വഴി പറഞ്ഞുതരുന്നത് മംഗളം ഉണ്ടാകാനാണ്. മംഗളം മുഴുവൻ ലോകത്തിനും ഉണ്ടാകണം. എന്നാൽ നമ്പർവൈസ് ആണ്. നിങ്ങൾ ഇവിടെ ബാബയുടെ അടുത്തേയ്ക്ക് പഠിക്കാനായി വന്നതാണ്. നിങ്ങളിലും ആരാണോ പഠിപ്പിൽ ശ്രദ്ധ നൽകുന്നത് അവരാണ് നല്ല വിദ്യാർത്ഥികൾ. ചിലർ തീരെ ശ്രദ്ധ നൽകുന്നില്ല. ഭാഗ്യത്തിൽ ഉണ്ടെങ്കിൽ എന്ന് ഒരുപാടുപേർ വിചാരിച്ചിരിക്കുന്നുണ്ട്. പഠിക്കണമെന്ന ലക്ഷ്യമേയില്ല. അതിനാൽ കുട്ടികൾ ഓർമ്മയുടെ ചാർട്ട് വെയ്ക്കണം. നമുക്ക് ഇപ്പോൾ തിരിച്ച് വീട്ടിലേയ്ക്ക് പോകണം. ജ്ഞാനം ഇവിടെത്തന്നെ ഉപേക്ഷിച്ചാണ് പോവുക. ജ്ഞാനത്തിന്റെ പാർട്ട് പൂർത്തിയാകുന്നു. ആത്മാവ് എത്ര ചെറുത്, അതിൽ എത്ര പാർട്ടാണ്, അത്ഭുതമല്ലേ. ഇത് മുഴുവനും അവിനാശിയായ ഡ്രാമയാണ്. ഇങ്ങനെ ഇങ്ങനെ നിങ്ങൾ അന്തർമുഖിയായി മാറി തന്നോടുതന്നെ സംസാരിച്ചുകൊണ്ടിരിക്കൂ എങ്കിൽ നിങ്ങൾക്ക് വളരെ അധികം സന്തോഷം ഉണ്ടാകും അതായത് ബാബ വന്ന് ആത്മാവ് ഒരിയ്ക്കലും വിനാശമാകില്ല എന്നിങ്ങനെയുള്ള കാര്യങ്ങൾ കേൾപ്പിക്കുന്നു. ഡ്രാമയിൽ ഓരോരോ മനുഷ്യരുടേയും, ഓരോരോ വസ്തുവിന്റേയും പാർട്ട് അടങ്ങിയിരിക്കുന്നു. ഇതിനെ അന്ത്യമില്ലാത്തത് എന്ന് പറയില്ല. അന്ത്യം ഉണ്ടാകും എന്നാൽ ഇത് അനാദിയാണ്. എത്ര വസ്തുക്കളുണ്ട്. ഇതിനെ അത്ഭുതം എന്ന് പറയണം! ഈശ്വരന്റെ അത്ഭുതം എന്നും പറയാൻ കഴിയില്ല. ഭഗവാൻ പറയുന്നു എന്റേയും പാർട്ട് ഇതിലടങ്ങിയിട്ടുണ്ട്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെ കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) യോഗത്തിൽ വളരെ അധികം പരിശ്രമമുണ്ട്, കർമ്മം ചെയ്യുമ്പോൾ എത്ര സമയം ബാബയുടെ ഓർമ്മ നിലനിൽക്കുന്നുണ്ട് എന്നത് ട്രയൽ ചെയ്ത് നോക്കണം! ഓർമ്മയിൽ ഇരിക്കുന്നതിലാണ് മംഗളമുള്ളത്, മധുരമായ പ്രിയതമനെ വളരെ സ്നേഹത്തോടെ ഓർമ്മിക്കണം, ഓർമ്മയുടെ ചാർട്ട് വെയ്ക്കണം.

2) സൂക്ഷ്മബുദ്ധിയായി ഈ ഡ്രാമയുടെ രഹസ്യത്തെ മനസ്സിലാക്കണം. ഇത് വളരെ വളരെ മംഗളകാരിയായ ഡ്രാമയാണ്, നമ്മൾ എന്താണോ പറയുന്നത് അഥവാ ചെയ്യുന്നത് അത് വീണ്ടും 5000 വർഷങ്ങൾക്കുശേഷം ആവർത്തിക്കും, ഇതിനെ യഥാർത്ഥ രീതിയിൽ മനസ്സിലാക്കി സന്തോഷമായിരിക്കണം.

## വരദാനം : തന്റെ ശ്രേഷ്ഠമായ ജീവിതത്തിലൂടെ പരമാത്മജ്ഞാനത്തിന്റെ പ്രത്യക്ഷ തെളിവ് നൽകുന്നവരായ മായ പ്രൂഫ് ആയി ഭവിക്കു.

സ്വയത്തിൽ പരമാത്മജ്ഞാനത്തിന്റെ പ്രത്യക്ഷ തെളിവാണ് മായ പ്രൂഫ് ആയി മാറുന്നത്. താങ്കളുടെ ശ്രേഷ്ഠമായ പവിത്ര ജീവിതം തന്നെ പ്രത്യക്ഷ തെളിവാണ്. എത്ര വലിയ അസംഭവമായ കാര്യമാണ് സംഭവമാക്കി മാറ്റിയത്. അതാണ് പ്രവൃത്തിയിലിരുന്നു കൊണ്ടും ഉപരാമമായരിക്കുക.
ദേഹം ദേഹത്തിന്റെ ലോകത്തിലെ സംബന്ധങ്ങളിൽ നിന്നും വേറിട്ടിരിക്കുക. പഴയ ശരീരത്തിലെ കണ്ണുകളിലൂടെ പഴയ ലോകത്തിലെ വസ്തുക്കളെ കണ്ടുകൊണ്ടും കാണാതിരിക്കുക. അതായത് സമ്പൂർണ്ണ പവിത്ര ജീവിതം ജീവിക്കുക. ഇതാണ് പരമാത്മ പ്രത്യക്ഷത ചെയ്യാനുള്ള അല്ലെങ്കിൽ മായാപ്രൂഫായി മാറാനുള്ള സഹജമായ മാർഗ്ഗം.

## സ്ലോഗൻ: അറ്റൻഷൻനാകുന്ന കാവൽക്കാരൻ നല്ലതാണെങ്കിൽ അതീന്ദ്രിയ സുഖമാകുന്ന ഖജനാവ് കൊള്ളയടിക്കപ്പെടില്ല.

**അവ്യക്ത സൂചന : കമ്പൈൻഡ് സ്വരൂപത്തിന്റെ സ്മൃതിയിലൂടെ സദാ വിജയികളായി മാറൂ.**
ബാബയെ കംപൈനിയനാക്കി മാറ്റി. എന്നാൽ ഇപ്പോൾ ബാബയെ കമ്പൈൻഡ് സ്വരൂപത്തിൽ അനുഭവം ചെയ്യൂ. ഈ സ്മൃതിയുടെ അനുഭവത്തെ വീണ്ടും വീണ്ടും ഓർമ്മയിലേക്ക് കൊണ്ടുവരുമ്പോൾ സ്മൃതി സ്വരൂപമായി മാറാം. വീണ്ടും വീണ്ടും പരിശോധിക്കു കംപൈൻഡാണല്ലോ, അകന്നില്ലല്ലോ. എത്രത്തോളം കമ്പൈൻഡ് സ്വരൂപത്തിന്റെ അനുഭവം വർദ്ധിപ്പിക്കുന്നോ അത്രയും ബ്രാഹ്മണ ജീവിതം വളരെ വിചിത്രവും ആനന്ദത്തിന്റെ അനുഭവം ഉണ്ടാവുകയും ചെയ്യും.